ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 17.03.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. പാകിസ്ഥാനുമായി സമാധാനം സ്ഥാപിക്കാൻ ഇന്ത്യ നടത്തിയ എല്ലാ ശ്രമങ്ങളും വഞ്ചനയിലാണ് അവസാനിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says, every noble attempt for peace with Pakistan met with hostility and betrayal.**

2. പത്താമത് റൈസീന സംഭാഷണത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാവും.

   **Prime Minister to inaugurate 10th edition of Raisina Dialogue in New Delhi this evening.**

3. പാർലമെന്റിന്റെ ഇരുസഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. നെല്ല് സംഭരണ വിഷയത്തിൽ കേരള നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

   **Session in progress in both the houses of Parliament. Opposition walkout in Kerala Assembly over paddy procurement crisis.**

4. പ്രധാൻമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിക്കായുള്ള മൊബൈൽ ആപ്പ് ധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്ന് പുറത്തിറക്കും.

   **Government to launch a dedicated app for Prime Minister's Internship Scheme today.**

5. കബഡി ലോകകപ്പിന് ഇംഗ്ലണ്ടിൽ തുടക്കം. ആദ്യമത്സരത്തിൽ ഇന്ത്യ ഇന്ന് ഇറ്റലിയെ നേരിടും.

   **Kabaddi World Cup 2025 to begin in England this evening; Indian Men's team to start their campaign against Italy.**

**************************************

HEADLINE – 1

## REV. PM PODCAST (INTRO)

പാകിസ്ഥാനുമായി സമാധാനം സ്ഥാപിക്കാൻ ഇന്ത്യ നടത്തിയ എല്ലാ ശ്രമങ്ങളും ശത്രുതയിലും വഞ്ചനയിലുമാണ് അവസാനിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇരു രാജ്യങ്ങൾക്കുമിടയിലെ ഐക്യം ലക്ഷ്യമിട്ട്, 2014 ൽ പ്രധാനമന്ത്രിയായുള്ള തന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ, പാകിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെറീഫിനെ ക്ഷണിച്ചിരുന്നതായും യുഎസ് പോഡ്കാസ്റ്റർ ലെക്സ് ഫ്രിഡ്മനുമായുള്ള അഭിമുഖത്തിൽ ശ്രീ മോദി പറഞ്ഞു. ഭീകരവാദത്തെ വളർത്തുന്നതിൽ പാകിസ്ഥാന് വലിയ പങ്കുണ്ടെന്നും, ഭീകരതയുടെ കേന്ദ്രമായി ഈ രാജ്യം മാറിയെന്നും പ്രധാനമന്ത്രി വിമർശിച്ചു. ലോകത്തിനൊന്നടങ്കം ഇത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായും ശ്രീ മോദി ചൂണ്ടിക്കാട്ടി.

(ഹോൾഡ് ഹോൾഡ്)

***************************

HEADLINE – 2

## PM - RAISINA DIALOGUE

പത്താമത് റൈസീന സംഭാഷണത്തിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ നിർവഹിക്കും. ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ മുഖ്യാതിഥിയാകും. മൂന്ന് ദിവസം നീളുന്ന സമ്മേളനത്തിൽ 125 രാജ്യങ്ങളിൽ നിന്നുള്ള 3,500 ലേറെ പ്രതിനിധികളാണ് പങ്കെടുക്കുക. ഭൗമരാഷ്ട്രീയം, ആഗോള സാമ്പത്തിക രംഗം എന്നീ മേഖലകളുമായി ബന്ധപ്പെട്ട സുപ്രധാന ചർച്ചകൾ റൈസീന

സംഭാഷണത്തിൽ നടക്കും. 'കാലചക്രം - ജനങ്ങൾ, സമാധാനം, ഗ്രഹം' എന്ന പ്രമേയത്തിൽ ഇന്ത്യൻ വിദേശകാര്യമന്ത്രാലയവും, ഒബ്സർവർ റിസർച്ച് ഫൗണ്ടേഷനും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**************************

## PM NEWZEALAND

ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ ഇന്ത്യയിലെത്തിയ ന്യൂസിലൻഡ് പ്രധാനമന്ത്രിക്ക് ഊഷ്മളമായ വരവേൽപാണ് നൽകിയത്. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് സന്ദർശനം. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും അദ്ദേഹം ഇന്ന് രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തും.

**************************

HEADLINE – 3

## RS-OPPOSITION

പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. വോട്ടർ ഐഡി നമ്പർ ക്രമക്കേട് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ രാജ്യസഭയിൽ പ്രതിപക്ഷം പ്രതിഷേധിച്ചു. കോൺഗ്രസ്, ഡിഎംകെ, തൃണമൂൽ കോൺഗ്രസ്, ആർജെഡി തുടങ്ങിയ പ്രതിപക്ഷ പാർട്ടി എംപിമാർ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് മുദ്രാവാക്യം വിളികളുമായി

സഭയുടെ നടുത്തളത്തിൽ ഇറങ്ങുകയായിരുന്നു. ചർച്ചയ്ക്ക് രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം രാജ്യസഭയിൽ നിന്ന് വാക്ക്ഔട്ട് ചെയ്തു.

**************************

## CM - ASSEMBLY (INTRO)

റാഗിങ്ങ് കേസുകളും ലഹരി വ്യാപനവും പൊതു സമൂഹം വളരെ ഗൗരവത്തോടെ കാണണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനെതിരെ പൊതു സമൂഹം ഒന്നിച്ചു നിൽക്കണമെന്നും, സർക്കാർ വളരെ ഗൗരവത്തോടെയാണ് വിഷയത്തെ കാണുന്നതെന്നും മുഖ്യമന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

(ഹോൾഡ് വോയിസ് )

***************************

HEADLINE – 3a

## ASSEMBLY- WALKOUT

മില്ലുടമകളും കർഷകരും തമ്മിൽ ഉണ്ടായ തർക്കത്തെ തുടർന്ന് കുട്ടനാട്ടിലെ പാടശേഖങ്ങളിൽ നെല്ല് കെട്ടികിടക്കുന്ന സാഹചര്യം നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം. വിഷയത്തിൽ അനൂപ് ജേക്കബ് നൽകിയ ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് വാക്ക് ഔട്ട് ചെയ്തു. നെല്ലിന് അമിതമായ കിഴിവ് ആവശ്യപ്പെട്ട് മില്ലുടമകൾ സംഭരണത്തിൽ നിന്ന് പിന്മാറുന്നത് തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി

പ്രതിപക്ഷം ആരോപിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളും കർഷകരും തമ്മിൽ ഉണ്ടായ തർക്കം സംഭരണത്തെ ബാധിച്ചതായി പറഞ്ഞ മന്ത്രി ജി ആർ അനിൽ, വിഷയത്തിൽ മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും സർക്കാർ ഇടപെടൽ നടത്തിയതായും വ്യക്തമാക്കി. നെല്ല് സംഭരണ വിഷയം ചർച്ച ചെയ്ത് പരിഹരിച്ചതാണെന്ന് മന്ത്രി വ്യക്തമാക്കിയതോടെ സ്പീക്കർ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

***************************

## MUNAMBAM-HIGHCOURT-VD SATHEESHAN

മുനമ്പം വഖഫ് ഭൂമി തർക്കവുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ച സംസ്ഥാന സർക്കാർ നടപടി ഹൈക്കോടതി റദ്ദാക്കി. ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അവകാശം വഖഫ് ബോർഡിനും വഖഫ് ട്രിബ്യൂണലിനും ആണെന്നും ഹൈക്കോടതി വിധിച്ചു. വഖഫ് സംരക്ഷണവേദി നൽകിയ ഹർജിയിലാണ് ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. ജുഡീഷ്യൽ കമ്മീഷൻ നിയമനം നിയമപരം അല്ലെന്നും, നിയമനത്തിൽ പൊതു താൽപര്യമില്ലെന്നും സിംഗിൾ ബെഞ്ച് നിരീക്ഷിച്ചു.

***************************

## VANDIPERIYAR-TIGER

വണ്ടിപ്പെരിയാർ ഗ്രാമ്പിയിൽ വനംവകുപ്പ് പിടി കൂടിയ കടുവ ചത്തു. ദൗത്യത്തിനിടെ വനം വകുപ്പ്

ഉദ്യോഗസ്ഥർക്കെതിരെ പാഞ്ഞടുത്ത കടുവയ്ക്ക് നേരെ ദൗത്യ സംഘം സ്വയരക്ഷക്കായി നിറയൊഴിച്ചിരുന്നു.

***************************

HEADLINE – 4

## NIRMALA-PMIS

പ്രധാൻമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിക്കായുള്ള മൊബൈൽ ആപ്പ് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്ന് പുറത്തിറക്കും. രണ്ടാം ഘട്ട രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിനായാണ് ആപ്പ് തയ്യാറിക്കിയിരിക്കുന്നത്. ഇന്റേൺഷിപ്പ് പദ്ധതിക്കായുള്ള അപേക്ഷകൾ മാർച്ച് 31വരെ സ്വീകരിക്കും.

***************************

## JAGDAMBIKA PAL - WAQF

വഖഫ് ഭേദഗതി ബിൽ രാജ്യത്തെ പാവപ്പെട്ട മുസ്ലീങ്ങൾക്ക് അനുകൂലമാണെന്ന് ബിൽ സംബന്ധിച്ച സംയുക്ത പാർലമെന്റ് സമിതി അധ്യക്ഷൻ ജഗദംബിക പാൽ. വിഷയത്തിൽ കേന്ദ്ര സർക്കാരിനെതിരെ ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ വ്യാജ പ്രചരണം നടക്കുന്നുണ്ടെന്നും അദ്ദേഹം ആരോപിച്ചു. വഖഫ് ഭേദഗതി ബില്ലിനെതിരായ, അഖിലേന്ത്യാ മുസ്ലീം വ്യക്തിനിയമ ബോർഡിന്റെ പ്രതിഷേധത്തെക്കുറിച്ച് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

***************************

## JUSTICE BAGCHI - OATH

സുപ്രീം കോടതി ജഡ്ജിയായി ജസ്റ്റിസ് ജോയ് മല്യ ബാഗ്ചി ചുമതലയേറ്റു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യവാചകം ചൊല്ലിക്കൊടുത്തു. കൊൽക്കത്ത ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് ബാഗ്ചിയുടെ നിയമനത്തോടെ, സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ എണ്ണം 33 ആയി.

**************************

## DoT- HACKATHON

5G-അധിഷ്ഠിത സേവനങ്ങൾ വേഗത്തിലാക്കാൻ ലക്ഷ്യമിട്ട് 5G ഇന്നൊവേഷൻ ഹാക്കത്തൺ 2025 സംഘടിപ്പിക്കാനൊരുങ്ങി കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ്. വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും പ്രൊഫഷണലുകൾക്കും ഇത് പ്രയോജനപ്പെടുത്താം. മെന്റർഷിപ്പ്, ധനസഹായം, 100-ലധികം 5G യൂസ് കേസ് ലാബുകളിലേക്കുള്ള പ്രവേശനം എന്നിവ പരിപാടി വാഗ്ദാനം ചെയ്യുന്നു.

**************************

HEADLINE – 5

## KABADDI WORLD CUP

കബഡി ലോകകപ്പ് 2025 ന് ഇന്ന് ഇംഗ്ലണ്ടിൽ തുടക്കം. West Midlands ലെ നാല് നഗരങ്ങളിലാണ് മത്സരങ്ങൾ. ഇന്ത്യയുടെ ആദ്യമത്സരം ഇന്ന് വൈകിട്ട് 05.30ന് ഇറ്റലിക്കെതിരെയാണ്. 2019 ലെ കബഡി ലോകകപ്പിൽ പുരുഷ - വനിത ലോകകപ്പ് കിരീടങ്ങൾ ഇന്ത്യ സ്വന്തമാക്കിയിരുന്നു.

***************************

## NASA - US ASTRONAUTS

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഒമ്പത് മാസത്തിലേറെയായി കുടുങ്ങിക്കിടക്കുന്ന യുഎസ് ബഹിരാകാശ സഞ്ചാരികളായ സുനിത വില്യംസും ബുച്ച് വിൽമോറും നാളെ രാത്രി ഭൂമിയിലേക്ക് മടങ്ങും. സ്പേസ് എക്സ് ക്രൂ ഡ്രാഗൺ പേടകം ഇരുവരെയും ഭൂമിയിലെത്തിക്കുമെന്ന് നാസ പ്രസ്താവനയിൽ പറഞ്ഞു. ഒരു അമേരിക്കൻ ബഹിരാകാശ സഞ്ചാരിയും ഒരു റഷ്യൻ ബഹിരാകാശ സഞ്ചാരിയും ഉൾപ്പെടുന്ന സംഘമാണ് ഇരുവരെയും തിരികെയെത്തിക്കുക. സ്റ്റാർലൈനർ പേടകത്തിൽ കഴിഞ്ഞ ജൂണിൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ സുനിതയും ബുച്ചും പേടകത്തിന്റെ സാങ്കേതിക തകരാർ മൂലം ഇവിടെ തുടരുകയായിരുന്നു.

***************************

## TRUMP - PUTIN TALKS

റഷ്യൻ പ്രസിഡിന്റ് വ്ളാഡിമിർ പുടിനുമായി നാളെ സംഭാഷണം നടത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. യുഎസ് പ്രസിഡൻറായി ട്രംപ് ചുമതലയേറ്റ ശേഷം ഇരു നേതാക്കളും തമ്മിലുള്ള രണ്ടാമത്തെ ചർച്ചയാണിത്. റഷ്യ-യുക്രൈൻ യുദ്ധം അവസാനിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ഉന്നതതല ചർച്ചകളാണ് ആദ്യ സംഭാഷണത്തിൽ നടന്നത്.

***************************

## UKRAINE- NEW CHIEF

യുക്രൈൻ സായുധസേനയുടെ പുതിയ മേധാവിയായി ആൻഡ്രി ഹനാറ്റോവിനെ നിയമിച്ച് യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമർ സെലെൻസ്കി. 2024മുതൽ സേനാ മേധാവിയായിരുന്ന അനറ്റോലി ബർഹൈലെവിച്ചിന് പകരമാണ് ഹനാറ്റോവ് നിയമിതനായത്.

***************************

## TRUMP-TRAVEL RESTRICTIONS

43 രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർക്ക് യാത്രാ നിയന്ത്രണം ഏർപ്പെടുത്താനൊരുങ്ങി അമേരിക്ക. അഫ്ഗാനിസ്ഥാൻ, ഇറാൻ, ലിബിയ, ഉത്തരകൊറിയ, ഭൂട്ടാൻ തുടങ്ങി പത്ത് രാജ്യങ്ങളെ ചുവപ്പ് ലിസ്റ്റിൽ ഉൾപ്പെടുത്തി സമ്പൂർണ യാത്രാ നിരോധനം ഏർപ്പെടുത്താനാണ് ട്രംപ് ഭരണകൂടം പദ്ധതിയിടുന്നത്. "ഓറഞ്ച് ലിസ്റ്റിൽ" ഉൾപ്പെടുത്തിയ പാകിസ്ഥാനും റഷ്യയും ഉൾപ്പെടെ 10 രാജ്യങ്ങൾക്ക് യാത്രാ നിയന്ത്രണവും ഏർപ്പെടുത്തും.

***************************

## STOCKMARKET+GOLD

ഓഹരി വിപണികളിൽ നേട്ടത്തോടെ വ്യാപാരം പുരോഗമിക്കുന്നു. മുംബൈ ഓഹരി സൂചിക സെൻസെക്സ് 173 പോയിൻറ് ഉയർന്ന് 74,002 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 60 പോയിൻറ് നേട്ടത്തോടെ 22,457 ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു.

പവന് 80 രൂപ കുറഞ്ഞ് 65,680 രൂപയും, ഗ്രാമിന് 10 രൂപ കുറഞ്ഞ് 8,210 രൂപയുമാണ് ഇന്നത്തെ വില.

***************************

## DELHI-BANGLADESHI ARRESTED

അനധികൃതമായി ഇന്ത്യയിൽ കഴിയുന്ന ഏഴ് ബംഗ്ലാദേശി കുടിയേറ്റക്കാരെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തു. നദീമാർഗ്ഗമാണ് ഇവർ ഇന്ത്യയിലേക്ക് കടന്നതെന്നും, നാടുകടത്തൽ നടപടികൾ ആരംഭിച്ചതായും അധികൃതർ അറിയിച്ചു.

***************************

## SC-RG KAR CASE

കൊൽക്കത്ത ആർ.ജി. കർ മെഡിക്കൽ കോളേജിലെ ജൂനിയർ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയും ജസ്റ്റിസ് സഞ്ജയ് കുമാറും അടങ്ങുന്ന ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്.

*

**************

***************************************